# 28

# ഭാര്യമാരോടു ഒരു വാക്ക്

## (5:22- 24)

*മിയാമി ഹെറാൾഡ്* എന്ന പത്രം ഒരിക്കൽ ഒരു അസാധാരണ സാഹചര്യത്തിൽ ഒരു ബ്രിട്ടീഷ് ദമ്പതി തന്റെ വിവാഹ വിരുന്നു നടക്കുന്നതിനിടയിൽ വിവാഹമോചനം നടത്തുവാൻ തീരുമാനിച്ചതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കയുണ്ടായി. വരൻ തന്റെ മുൻ - കാമുകിയോടു സംസാരിച്ചുകൊണ്ടു നില്ക്കുന്നതു വധു കണ്ടപ്പോൾ അതിനെ ചൊല്ലി ഉഗ്രവാദം നടക്കുകയും, വിവാഹബന്ധം വാസ്തവത്തിൽ തുടങ്ങുന്നതിനു മുൻപു തന്നെ അവസാനിക്കുകയും ചെയ്തു. വളരെ കാലം വിവാഹബന്ധം തുടരാത്ത ആളുകളെ എനിക്ക് അറിയാം, പക്ഷെ വിവാഹ വിരുന്നു നടക്കുമ്പോൾ തന്നെ വേർപിരിയുന്നത് ഞാൻ ആദ്യമായി കേൾക്കുകയാണ്.

വിവാഹം ആയുഷ്ക്കാലം നീണ്ടു നില്ക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. സ്ത്രീയും പുരുഷനും ദൈവിക പദ്ധതിയിൽ സമർപ്പിക്കപ്പെട്ടാൽ അതു സംഭവിക്കുന്നത് എങ്ങനെ എന്ന് അവൻ നമുക്കു കാണിച്ചു തരും. അവന്റെ പദ്ധതിയുടെ ചിലതു എഫെസ്യർ 5-ന്റെ അവസാന ഭാഗത്തുണ്ട്. ദൈവം ആഗ്രഹിക്കുന്നതുപോലെ വിവാഹ ജീവിതം പണിയേണ്ടതിനു ചില മുഖ്യ വഴികൾ അതു നല്കുന്നുണ്ട്. വാസ്തവത്തിൽ, പൗലൊസ് പറഞ്ഞതു പ്രായോഗികമാക്കേണ്ടതിനെ ഭാര്യമാരും ഭർത്താക്കന്മാരും ഗൗരവമായി എടുക്കുകയാണെങ്കിൽ, വിവാഹമോചനം കാലോചിതമല്ലാത്തതാകും. പൗലൊസ് ഭാര്യമാരോടു ഒരു വാക്ക് പറയുന്നു:

> ഭാര്യമാരേ, കർത്താവിന്നു എന്നപോലെ, സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി, സഭെക്കു തലയാകുന്നതുപോലെ, ഭർത്താവു ഭാര്യക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ, ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം (5:22-24).

ഭാര്യ ഭർത്താവിന്റെ നേതൃത്വത്തിനു കീഴ്പ്പെടേണ്ട അനിവാര്യകതയെയാണ് പൗലൊസ് വിവരിക്കുന്നത്. തന്റെ വഴിയേ പോകണം എന്ന രീതിയിൽ സ്വന്തം ഇഷ്ടത്തിനു പ്രാധാന്യം നൽകുന്ന ആളായിരിക്കരുത് ഭാര്യ. അവരുടെ ഒരുമിച്ചുള്ള ജീവിതത്തെ നിയന്ത്രിക്കുന്നതു അവളായിരിക്കരുത്. ഭർത്താവിന്റെ നേതൃത്വം മനസോടെ പിൻപറ്റുക എന്നതാണ് ദൈവ പദ്ധതിയിൽ സ്ത്രീയുടെ പങ്ക്. അവൾ അതു ചെയ്യുമ്പോൾ ക്രിസ്തുവിനെ ആദരിക്കുകയാണ്.

ദൈവപദ്ധതിയിൽ ഭർത്താക്കന്മാർക്കു അവരുടേതായ സ്വന്തം ഉത്തരവാദിത്വങ്ങളുണ്ട്. വാസ്തവത്തിൽ, പൗലൊസിന് സ്ത്രീകളോടു പറഞ്ഞ

തിന്റെ രണ്ടിരട്ടി ഭർത്താക്കന്മാരോടു പറയുവാനുണ്ട്. ഭാര്യാ ഭർത്താക്കന്മാർ ദൈവപദ്ധതി ഗൗരവമായി എടുക്കുകയാണെങ്കിൽ, വിവാഹമോചന അഭിഭാഷകർ ഉപജീവനത്തിനു വേറെ മാർഗ്ഗം കണ്ടെത്തണം. നമുക്കു ദൈവപദ്ധതി ശരിയായി നോക്കാം. ഈ പാഠത്തിൽ ഭാര്യമാർക്കുള്ള അവന്റെ പദ്ധതിയാണ് നാം നോക്കുന്നത്. അടുത്ത പാഠത്തിൽ, ഭർത്താക്കന്മാർക്കുള്ളതു നാം കാണും.

## കീഴ്പെടുവാനുള്ള ആഹ്വാനം

ഭാര്യമാർക്കു പൗലൊസ് വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്: "ഭാര്യമാരേ, കർത്താവിനോടെന്ന പോലെ, നിങ്ങളുടെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ." ഒന്നും മറച്ചുവെച്ചിട്ടില്ല. അത് ചെറിയ അക്ഷരമല്ല - തുറന്ന സത്യം മാത്രമാണ്. "നിങ്ങൾ സ്വവ്യക്തിയാകുക," സ്ത്രീ സ്വാതന്ത്ര്യം എന്നിങ്ങനെ, വ്യക്തികളുടെ സ്വാതന്ത്ര്യത്തിനു പ്രാധാന്യം കൊടുത്തിരുന്ന കാലത്ത്, പല സ്ത്രീകളെയും കീഴ്പ്പെടുവാനുള്ള ആഹ്വാനം സ്വാധീനിച്ചില്ല. കരോൾ മേയ്ഹാൾ തന്റെ *മാര്യേജ് ടേക്സ് മോർ ദാൻ ലവ്* എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു:

> കീഴ്പ്പെടൽ! ആ വാക്ക് ഞാൻ എത്രമാത്രം വെറുക്കുന്നു എന്നോ. അത് എന്റെ മനസിലേക്കു വരുമ്പോൾ, എന്റെ മനസിൽ തോന്നുന്നതു ഒരു അനാസ്തിത്വം, അതെ - സ്ത്രീയെ എന്നു പറയുന്ന ഒന്നുമില്ലാത്ത അവസ്ഥ. മറ്റൊരാളുടെ പ്രതിഫലനം മാത്രമായി തീരുവാൻ ഞാൻ ആഗ്രഹിച്ചില്ല.
>
> എങ്കിലും ഇവിടെ ദൈവത്തിന്റെ വിഡ്ഢിത്ത - മില്ലാത്ത കല്പന ഞാൻ കണ്ടിരുന്നു, "ഭാര്യമാരേ, കർത്താവിന്നു എന്നപോലെ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ" (എഫെസ്യർ 5:22). ആ വാക്യത്തിന്റെ ഉപരിതല അർത്ഥം അതായിരിക്കയില്ല എന്നു ഞാൻ ദൈവത്തോടും മറ്റുള്ളവരോടും വാദിച്ചു; അതു സംസ്ക്കാരപരവും ബൈബിൾ കാലഘട്ടത്തോടു മാത്രമുള്ള അർത്ഥത്തിലും പറഞ്ഞതാകാമെന്നു ഞാൻ കണ്ടിരുന്നു.
>
> എന്റെ അടുത്ത ശ്രമം വാക്യത്തെ ഇങ്ങനെ മാറ്റി വായിക്കുക എന്നതായിരുന്നു, "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർ കർത്താവിനെ പോലെ പെരുമാറിയാൽ, നിങ്ങൾ അവർക്കു കർത്താവിന്നു എന്നപോലെ കീഴടങ്ങുവിൻ." എന്നാൽ അത് ആ അർത്ഥമുള്ളതല്ല എന്ന് എനിക്കറിയാമായിരുന്നു.
>
> ഞങ്ങളുടെ വിവാഹത്തിന്റെ അഞ്ചാം വർഷം ഞാൻ ആ വാക്യം തിരഞ്ഞപ്പോൾ, ഞാൻ യേശുവിനു കീഴ്പ്പെടുവാൻ ആഗ്രഹിക്കുന്ന സ്വതന്ത്രവും "ഒന്നും - പുറകോട്ടു - വലിക്കാത്തതുമായ" അതേ രീതിയിൽ തന്നെ ഞാൻ ഭർത്താവിനു കീഴ്പ്പെടേണ്ടതാണ് എന്നതാണ് ആ വാക്യത്തിന്റെ അർത്ഥമെന്നു ഞാൻ തീർച്ചയാക്കി.
>
> ആ സമയം വരെ ഞാൻ വിചാരിച്ചതു വിവാഹം എന്നതു ഒരു 50/50 അനുപാതത്തിലുള്ളതും, എന്റെ ഭർത്താവ് തന്റെ 50% നൽകിയാൽ, ഞാൻ എന്റേതു നൽകും എന്നതുപോലെ ഉള്ളതുമാണെന്നാണ്. എങ്ങനെയായാലും, അതു ഇടക്കിടക്ക് ഞങ്ങളിൽ ആരാണ് 50% നല്കേണ്ടതെന്നു നിർണ്ണയിക്കുവാൻ പോരാടണം എന്നതുപോലെ ആയിരുന്നു. അപ്പോഴും ബൈബിൾപരമായ സന്തോഷമുള്ള വിവാഹ ജീവിതം എന്നത് അന്യോന്യം 100% നല്കുവാൻ ഇഷ്ടമുള്ള 100% അനുപാതത്തിലുള്ള ഒന്നാണെന്ന് ഞാൻ പഠിക്കേണ്ടിയിരുന്നു.[1]

ദൈവം ഭാര്യമാരെ കീഴ്പ്പെടുവാനാണ് വിളിക്കുന്നത്. ഭർത്താവിന്റെ നേതൃത്വത്തെ പിൻപറ്റുവാൻ ദൈവം ഭാര്യയിൽ നിന്നു പ്രതീക്ഷിക്കുന്നു. അവൾ ഇതു ചെയ്യുമ്പോൾ, അവൾക്കു ക്രിസ്തുവിനോടുള്ള ആദര വിനെ അതു തെളിയിക്കുന്നു. അതു അവൾക്ക് ദൈവപദ്ധതിയിലുള്ള വിശ്വാസം തെളിയിക്കുകയാണ്. ഭർത്താവിനു കീഴ്പ്പെടാത്ത ഭാര്യക്കു കർത്താവിൽ ആശ്രയിക്കുന്നു എന്നു പറയുവാൻ അവകാശമില്ല.

നിങ്ങൾ ഒരു ഭാര്യയാണെങ്കിൽ, നിങ്ങളുടെ ഭർത്താവിനു കീഴ്പ്പെടുന്നുണ്ടോ? ഒരു നിരീക്ഷകൻ എന്ന നിലയിൽ നിങ്ങളുടെ വിവാഹത്തെ കാണുവാൻ ശ്രമിക്കുക. നിങ്ങളുടെ മക്കൾ അതിനെ കാണുന്നതുപോലെ കാണുക. പലപ്പോഴും തർക്കങ്ങൾ ഉണ്ടാകാറുണ്ടോ? നിങ്ങളുടെ സംഭാഷണം പരാതിപ്പെടുത്തുന്ന, കുറ്റപ്പെടുത്തുന്ന, അല്ലെങ്കിൽ നിരന്തരം ശല്യപ്പെടുത്തുന്ന സ്വഭാവമുള്ളതാണോ? നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ പണിയുകയാണോ അതോ തകർക്കുകയാണോ? നിങ്ങൾ കാര്യങ്ങൾ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുകയാണോ, അതോ ഭർത്താവ് നയിക്കട്ടെ എന്ന് ആഗ്രഹിക്കുകയാണോ? നിങ്ങളുടെ ഭർത്താവിന്റെ നേതൃത്വത്തെ നിങ്ങൾ പിൻപറ്റുന്ന രീതി യേശു അംഗീകരിക്കുന്നതാണോ?

### കീഴ്പ്പെടുന്നതിന്റെ ഉദ്ദേശം

ഭാര്യമാർ അവരുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പാൻ പൗലൊസ് സൂചിപ്പിച്ചതിന്റെ ഉദ്ദേശം നോക്കുക: “ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ, ഭർത്താവു ഭാര്യക്കു തലയാകുന്നു” (5:23). ഭർത്താവ് കുടുംബത്തിന്റെ തലയാകുന്നു എന്ന ദൈവപദ്ധതിയുമായി ഉദ്ദേശം യോജിക്കുന്നു. വീട്ടിൽ പുരുഷന്റെ സ്ഥാനം നേതൃത്വമുള്ള ഒന്നാകുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനു സാമൂഹ്യ ആചാരവുമായോ സാംസ്കാരിക പാരമ്പര്യവുമായോ ഒരു ബന്ധവുമില്ല.

“തല” എന്ന പദം (ഗ്രീക്ക്.: *കെഫലേ*) സൂചിപ്പിക്കുന്നതു മാനേജർ എന്നാണ്; അത് അധികാരത്തെയോ നിർദ്ദേശത്തെയോ ഊന്നി പറഞ്ഞിരിക്കുന്നു. മറ്റുള്ളവരിൽ നിന്നു എന്തു ലഭിക്കും എന്ന വിചാരത്തോടെ അവരെ ഉപയോഗിക്കുന്ന സ്വേഛാധികാരിയെയോ വാഴ്ച്ച നടത്തുന്നവനെയോ അല്ല അത് സൂചിപ്പിക്കുന്നത്. പകരം, കരുതലോടെ കാര്യങ്ങൾ ഏറ്റെടുക്കുന്ന ഒരാളെയാണ് അതു സൂചിപ്പിക്കുന്നതു. അവൻ ആളുകളെ കൈകാര്യം ചെയ്യുന്നത് അവരുടെ നന്മക്കാണ്. തന്റെ മേൽനോട്ടത്തിലുള്ളവർക്ക് അവന്റെ നിർദ്ദേശമാണ് ആരോഗ്യകരമായ സാധ്യമായ ക്രമീകരണം.

എല്ലാ കാര്യങ്ങളിലും വീടുകളിൽ ആളുകൾ വ്യക്തിപരമായി തീരുമാനം എടുക്കേണ്ട രീതിയിൽ കോൺഗ്രസ് ഒരു നിയമം പാസാക്കി എന്നു വിചാരിക്കുക. ആ നിയമം വീടുകളിലെ ഭർത്താക്കന്മാരുടെ പരമ്പരാഗത നേതൃത്വം എടുത്തുകളയുന്നതാണ്. ഓരോ കുടുംബാംഗവും കുടുംബത്തിലെ ഭർത്താവിന്റെയും പിതാവിന്റെയും നേതൃത്വത്തിൽ നിന്നു സ്വതന്ത്രരാകുന്നു. അത്തരം ഏർപ്പാട് പ്രാവർത്തികമാണോ? നേതൃത്വമില്ലാതെ ഒരു കുടുംബത്തിനു വാസ്തവത്തിൽ പ്രവർത്തിക്കുവാൻ പറ്റുമോ?

എങ്ങനെ വണ്ടി ഓടിക്കണം എന്നു പറയുവാൻ പോലീസിനു അധികാരമില്ല എന്നു നിങ്ങളുടെ സിറ്റി കൗൺസിൽ ഒരു നിയമം പാസാക്കി എന്നു വിചാരിക്കുക. ചിലപ്പോൾ അതു പൗരന്മാർക്കു വിട്ടു കൊടുക്കുകയാണ്

എന്നു വിചാരിക്കുക. ആരെങ്കിലും ട്രാഫിക് സിഗ്നലുകളും, നിർത്തുവാനുള്ള ബോർഡുകളും, വേഗത നിയന്ത്രിക്കുന്ന ബോർഡുകളും എടുത്തു മാറ്റുന്നു എന്നു ഊഹിക്കുക. അതു പ്രായോഗികമാണോ? അല്ല, അതു കുഴപ്പവും പ്രശ്നവും ഉണ്ടാക്കും. അത്തരം ഒരു ടൗണിൽ കൂടെ വണ്ടി ഓടിക്കുവാൻ നിങ്ങൾക്ക് ഇഷ്ടമാണോ?

വീടുകളിലും, സഭകളിലും, സമൂഹത്തിലും നമുക്ക് നേതൃത്വം ആവശ്യമാണ്. വീട്ടിൽ, നേതൃത്വ പങ്ക് ദൈവം കൊടുത്തിരിക്കുന്നതു ഭർത്താക്കന്മാർക്കാണ്. ഭാര്യമാർ, താഴെ കാണുന്ന കാര്യങ്ങൾ ഓർമ്മിക്കുക:

1. *കീഴ്പ്പെടൽ എന്നതിനു അപകർഷത എന്ന അർത്ഥമില്ല.* സ്ത്രീയെയും പുരുഷനെയും ദൈവസാദൃശ്യത്തിലാണ് സൃഷ്ടിച്ചത്. ദൈവമുൻപാകെ അവർ തുല്യവിലയുള്ളവരും യോഗ്യതയുള്ളവരും ആണ് (ഗലാതൃർ 3:28).

2. *ഒരു ഭാര്യക്കു തന്റെ ജീവിതത്തിലും വിവാഹ ബന്ധത്തിലും പൂർണ്ണ സന്തോഷം ലഭിക്കുവാൻ കീഴ്പ്പെടൽ ആവശ്യമാണ്.* വാസ്തവത്തിലുള്ള സന്തോഷം അറിയുവാൻ ഒരു ഭാര്യ ക്രിസ്തുവിനും അവന്റെ ഇഷ്ടത്തിനും പൂർണ്ണമായി കീഴ്പ്പെടണം.

3. *കീഴ്പ്പെടുന്നതിൽ ഭാര്യ പരാജയപ്പെട്ടാൽ ദൈവം ഒരിക്കലും ആഗ്രഹിക്കാത്ത പ്രവൃത്തി ചെയ്യുവാൻ ഭർത്താവു നിർബ്ബന്ധിതനാകും.* അതു നിയന്ത്രണത്തിനായി പോരാടി അവനെ സ്വേഛാധിപതി ആക്കുകയോ, അയാളെ തന്റെ ഭവനത്തിൽ ഒരു അതെ - എന്നു പറയുന്ന മനുഷ്യൻ ആക്കി തീർക്കുകയോ ചെയ്യും.

4. *കീഴ്പ്പെടൽ എന്നതുകൊണ്ട് അന്ധമായ അനുസരണമല്ല അർത്ഥമാക്കുന്നത്.* തന്റെ ഭാര്യ ദൈവേഷ്ടത്തിനു എതിരായ പ്രവൃത്തികൾ ചെയ്യണമെന്നും അവളോടുള്ള മോശമായ പെരുമാറ്റത്തെ അവൾ സ്വീകരിക്കണമെന്നും പറയുവാൻ ഒരു ഭർത്താവിനും അവകാശമില്ല.

5. *കീഴ്പ്പെടൽ എന്നതിനർത്ഥം കുടുംബത്തിലോ മക്കളുടെ അച്ചടക്ക കാര്യത്തിലോ തീരുമാനം - എടുക്കുന്നതിൽ ഭാര്യക്ക് പങ്കെടുക്കുവാൻ അധികാരം ഇല്ല എന്നല്ല.* കുടുംബത്തിൽ ഉൾപ്പെടുന്ന തീരുമാനങ്ങളെ ഭാര്യയുമായി ഇരുന്നു ബുദ്ധിയോടെ ചർച്ച ചെയ്താൽ ഭർത്താവിന്റെ നേതൃത്വം ഇല്ലാതാകുന്നില്ല. അവർ പരസ്പരം ഒരു തീരുമാനത്തിലെത്തണം. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ, ഭാര്യ ഭർത്താവിന്റെ നേതൃത്വത്തിൽ ആശ്രയിക്കണം.

## ഉപസംഹാരം

ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരുടെ നേതൃത്വത്തെ പിൻപറ്റേണ്ടതിന്റെ ആവശ്യകതക്ക് ദൈവം ഊന്നൽ കൊടുക്കുവാൻ ആഗ്രഹിച്ചിരുന്നില്ലെങ്കിൽ, പൗലൊസ് അതിനെ ക്രിസ്തുവിനോടും തന്റെ സഭയോടും ചേർത്ത് ഉപമിക്കയില്ലായിരുന്നു എന്നു എനിക്കു തോന്നുന്നു. ഭാര്യക്കും ഭർത്താവിനും ഇടയിൽ ഉള്ള ഒരു പ്രധാന ബന്ധത്തെയാണ് പൗലൊസ് വിവരിക്കുന്നത്. ദൈവം നമ്മോടു പറയുന്നതു അവരുടെ ഒരുമിച്ചുള്ള ജീവിതത്താൽ, ഒരു ഭാര്യയും ഭർത്താവും ക്രിസ്തുവിന്റെ ജീവിതവും സഭയും ചിത്രീകരിക്കുന്നു എന്നാണ്. ഭാര്യമാരേ, നിങ്ങളും നിങ്ങളുടെ ഭർത്താവും തമ്മിലുള്ള കീഴ്പ്പെടലിന്റെയും സ്നേഹ ത്തിന്റെയും ചിത്രം നിങ്ങൾക്കു ലോകത്തിനു, പ്രത്യേകിച്ചു നിങ്ങളുടെ മക്കൾക്കും കൊച്ചു മക്കൾക്കും കാണിച്ചു കൊടുക്കുവാനുള്ള അവസരം ഉണ്ട്, അത് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം

അവരെ മനസിലാക്കുവാൻ സഹായിക്കും. അവർ നിങ്ങളിൽ കാണുന്നതു ക്രിസ്തുവിൽ ആകുവാൻ അവരെ പ്രേരിതരാക്കും.

ഭാര്യമാർക്കുള്ള മൂന്നു പ്രായോഗിക നിർദ്ദേശങ്ങൾ ഇതാ:

*ഒന്ന്, നിങ്ങൾ എത്ര നന്നായിട്ടാണ് നിങ്ങളുടെ ഭർത്താവിനു കീഴ്പ്പെട്ടിരിക്കുന്നതെന്നു കാണിച്ചു കൊടുക്കേണ്ടതിനു കർത്താവിനോടു അപേക്ഷിക്കു ക.*

*രണ്ട്, നിങ്ങളുടെ ഭർത്താവിന്റെ ദൈവിക നേതൃത്വ പങ്ക് ഉറപ്പിക്കുന്ന അവസരങ്ങൾക്കായി നോക്കുക.* അദ്ദേഹത്തിൽ ഏറ്റവും നല്ലതു കാണുവാനായി നിങ്ങളുടെ കഴിവനുസരിച്ചു പ്രവർത്തിക്കുക. നിങ്ങൾ അവനെ സഹായിക്കുമ്പോൾ, അതു നിങ്ങളിൽ ഉള്ള ഏറ്റവും നല്ലതിനെ പ്രകടമാക്കുന്നു.

*മൂന്ന്, നിങ്ങളുടെ ഭർത്താവിനെ കുറിച്ചുള്ള നല്ല ചിന്തകളാൽ അവനെ ബഹുമാനിക്കുക. അപ്റീച്ച്* മാഗസീനിൽ പ്രിന്റ് ചെയ്തതായ ഈ ചിന്തകൾ, സാന്ദ്ര വുഡ്റൂഫ് മിൽഹോളണ്ട് എഴുതി:

> സ്ത്രീകളേ, അയൽപക്കത്തെ പെൺകുട്ടികളുമായി "കോഫീക്ലാച്ചെസിൽ" വരുന്നവരെ അല്ലെങ്കിൽ നിങ്ങളുടെ ജോലി സ്ഥാപനത്തിൽ ചായക്കുള്ള സമയത്തു ഒത്തു കൂടുന്നവരെ സൂക്ഷിക്കുക. അത്തരം ഒത്തുചേരലിൽ ഭർത്താക്കന്മാരെ അവർ തരം താഴ്ത്തി, ഞാൻ കണ്ടിട്ടുണ്ട് (തീർച്ചയായും, ആലങ്കാരികമായി പറയുന്നതാണ്), കാലത്തു പത്തുമണിക്കു സ്വര പറയുന്ന സംഘം ഒരു ഭാര്യ വൈകുന്നേരം എങ്ങനെ ഭർത്താവിനോടു പെരുമാറണം എന്നതിനെ കുറിച്ചു ശക്തമായി സംസാരിക്കും. സ്യൂ അവളുടെ ഭർത്താവിനെ കുറിച്ചു പരാതിപ്പെടുന്നു, ഗ്രെച്ചൻ അവളുടെ ഭർത്താവിനെ കുറിച്ചു പരാതിപ്പെടുകയും മറ്റുള്ളവർ അവരുടെ അതുപോലെയുള്ള പരാതികളുമായി അതിൽ ഒത്തുചേരുന്നു. "പുരുഷന്മാരെല്ലാം ഒരുപോലെയാണ്," എന്ന് എല്ലാവരും യോജിച്ചുകൊണ്ട് എല്ലാവരുടേയും ദുഃഖത്തിൽ എല്ലാവരും വേണ്ടതു കൊടുക്കുന്നു.
>
> നാം അത്തരം അധാർമ്മികമായ വൃത്തം ഛേദിക്കുവാൻ ഞാൻ വെല്ലുവിളി നല്കുകയാണ്. നിങ്ങളുടെ ഭർത്താവിനെ കുറിച്ചു ഊഷ്മളമായി ചിന്തിക്കുവാൻ സമയം കണ്ടെത്തി തുടങ്ങുക, അടുത്ത പ്രാവശ്യം നിങ്ങളുടെ കൂട്ടുകാർ "ഞാൻ ഒരു ഭയങ്കര ഭർത്താവല്ല," എന്നു കളിയായി പറയുമ്പോൾ നിങ്ങളുടെ പ്രതികരണം നല്ലതു മാത്രമായിരിക്കട്ടെ. മറ്റുള്ളവരുടെ ദൃഷ്ടിയിൽ നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ പണിയുകയാണ് വേണ്ടത്.

ദയവായി ഈ പ്രാർത്ഥനയിൽ എന്നോടൊപ്പം ചേരുക: "ദൈവമേ, ഭവനത്തിനുള്ള നിന്റെ പദ്ധതിക്കായി നന്ദി. അങ്ങയെ ബഹുമാനിക്കുന്ന എല്ലാ സ്ത്രീകൾക്കുമായി നന്ദി കരേറ്റുന്നു കാരണം അവർ യേശുവിനെ പിൻപറ്റുവാൻ തീരുമാനിച്ചു. അവർ ഞങ്ങൾക്കു ശക്തി പകരുന്നു. ഭർത്താക്കന്മാരുടെ നേതൃത്വത്തെ അംഗീകരിക്കുന്ന സ്ത്രീകൾക്കായി നന്ദി. നിന്റെ വചനം അനുസരിക്കുന്നതുകൊണ്ടു അങ്ങയുടെ സന്തോഷം അവരിൽ പകരേണമേ. ഞങ്ങളുടെ വീടുകൾ ശക്തമാക്കേണമേ. ഭാര്യമാർക്കും മക്കൾക്കും അനുഗ്രഹമായി തീരുവാനുള്ള ആത്മിയ നേതാക്കളെ എഴുന്നേല്പ്പിക്കേണമേ. അവനെ രക്ഷകനായി അറിഞ്ഞ് അവന്റെ സഭയിലായി തീർന്ന ആദരവിനു കർത്താവിനു സ്തോത്രം. യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു, ആമേൻ."

കുറിപ്പു

[1]കരോൾ മേയ്ഹാൾ, മാക്സ് ആന്റേഴ്സിൽ ഉദ്ധരിച്ചത്, *ദ ഗുഡ് ലൈഫ്: ലിവിങ് വിത്ത് മീനിങ്ങ് ഇൻ ഏ “നെവർ - ഇനഫ്” വേൾഡ്* (ഡള്ളാസ്: വേഡ് പബ്ലിഷിങ്ങ്, 1993), 177.